# അഞ്ച് വർഷത്തിനു മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാനാവില്ല

## കേരള ഹൈക്കോടതി

W.P. (C) No. 13673/2019 Dt. 18.12.2019

എം.സി.പി. എന്റർപ്രൈസസ്
X
സ്റ്റേറ്റ് ഓഫ് കേരള

സാധാരണ രീതിയിൽ നികുതിയടച്ച സ്ഥാപനങ്ങളും വ്യക്തികളും നികുതിവെട്ടിപ്പ് നടത്തുകയോ അബദ്ധവശാൽ കുറഞ്ഞ നികുതി അടയ്ക്കുകയോ ചെയ്തുവെന്ന് അധികൃതർക്ക് പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാൽ നികുതിദായകർക്ക് നോട്ടീസ് നല്കിയതിനു ശേഷം നികുതി പുനർനിർണ്ണയിക്കാൻ നികുതി ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. ഇപ്രകാരം നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതിനുള്ള കാലപരിധി അഞ്ചു വർഷമാണ്. അതുപോലെത്തന്നെ നികുതിദായകർ കണക്കു പുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കേണ്ടത് അഞ്ച് വർഷത്തേക്കാണ്. ഇപ്രകാരമിരിക്കെ സർക്കാർ 2017-ലും 2018-ലും നിയമത്തിൽ ചില ഭേദഗതികൾ കൊണ്ടുവന്നു. അതനുസരിച്ച് നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതിനുള്ള കാലപരിധി ആദ്യം ആറ് വർഷമായും പിന്നീട് ഏഴ് വർഷമായും ദീർഘിപ്പിച്ചു. അതേ സമയം കണക്കുപുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള കാലപരിധിയിൽ സർക്കാർ യാതൊരു മാറ്റവും വരുത്തിയില്ല. അപ്രകാരമിരിക്കെ നികുതിദായക സ്ഥാപനത്തിന്റെ അഞ്ച് വർഷം മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതു സംബന്ധിച്ച് നികുതി അധികൃതർ നോട്ടീസ് നല്കി. ഇതിനെതിരെ സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. കണക്കു പുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കേണ്ട കാലപരിധി അഞ്ച് വർഷമായതിനാൽ അഞ്ച് വർഷത്തിനു മുമ്പുള്ള കണക്കു പുസ്തകങ്ങൾ തങ്ങൾ നശിപ്പിച്ചുകളഞ്ഞുവെന്നും ആ സാഹചര്യത്തിൽ നികുതി നിർണ്ണയം പുനഃപരിശോധിക്കാനുള്ള നോട്ടീസ് നിയമവിരുദ്ധവും അന്യായവുമാണെന്ന് സ്ഥാപനം ചൂണ്ടിക്കാട്ടി. അഞ്ച് വർഷത്തിനു മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാമെന്ന വ്യവസ്ഥ കണക്കു പുസ്തകങ്ങൾ അഞ്ച് വർഷം സൂക്ഷിച്ചാൽ മതിയെന്ന വ്യവസ്ഥയുമായി പൊരുത്തപ്പെട്ടുപോകില്ലെന്നും ഭേദഗതി വ്യവസ്ഥ കണക്കു പുസ്തകങ്ങൾ നിയമാനുസൃതം നശിപ്പിച്ചുകളഞ്ഞ നികുതിദായകരെ ദോഷകരമായി ബാധിക്കുമെന്നും സ്ഥാപനം വാദിച്ചു. നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതിനുള്ള കാലപരിധി ഏഴു വർഷമായി ദീർഘിപ്പിച്ചതിനാൽ ഏഴ് വർഷം വരെ പഴക്കമുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്ന് നികുതി ഉദ്യോഗസ്ഥർ വാദിച്ചു. കണക്കു പുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കാനുള്ള കാലപരിധിയിൽ കൂടുതൽ കാലപരിധി നികുതി നിർണ്ണയം പുനഃപരിശോധിക്കുന്നതിന് നല്കുന്ന ഭേദഗതി വ്യവസ്ഥ നിയമവിരുദ്ധവും നിലനില്ക്കാത്തതുമാണെന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. കണക്കു പുസ്തകങ്ങൾ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള കാലപരിധി കഴിഞ്ഞാൽ അതിനു മുമ്പുള്ള നികുതി നിർണ്ണയം പുനഃപരിശോധിക്കാനാവില്ലെന്ന് വ്യക്തമാക്കിയ ഹൈക്കോടതി സ്ഥാപനത്തിന്റെ റിട്ട് ഹർജി അനുവദിച്ചു.